## പതിനാലാം കേരള നിയമസഭ

## 15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4591 — 25.06.2019-ൽ മറുപടിക്ക്

### കരമണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വർക്കല താലൂക്കിലെ കടവൂർ വില്ലേജിൽ ബ്ലോക്ക് 23-ൽ ഉൾപ്പെട്ട ഡേറ്റ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് കരമണ്ണ് നിക്ഷേപിക്കുകയും ആയതിനെ തുടർന്ന് പ്രസ്തുത സ്ഥലത്തിന് സമീപത്ത് കൃഷി ചെയ്തു കൊണ്ടിരിക്കുന്നിടത്തേക്കുള്ള ജല നിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സ പ്പെട്ടിട്ടുള്ളതായി നാവായിക്കുളം കൃഷി ഓഫീസർ വർക്കല തഹസിൽദാരെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; | (എ) തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ കടവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ .23-ൽ റീസർവ്വെ 406-ൽ സബ് ഡിവിഷൻ 4, 7, 8 എന്നിവയിൽ ഉൾപ്പെട്ട നിലത്തിൽ കരമണ്ണ് നിക്ഷേപിച്ചതു മൂലം ജല നിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെട്ടതായി നാവായിക്കുളം കൃഷി ഓഫീസർ, വർക്കല തഹസിൽദാർ ഭൂരേഖയ്ക്ക് 05/03/2019-ൽ എൻ.കെ.ബി 16/18-19 നമ്പരായി റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) അറിയിച്ചുവെങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) കൃഷി ഓഫീസറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി നിലം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് 29.05.2019-ലെ കെ13-3664/19 നമ്പർ കത്ത് പ്രകാരം വർക്കല തഹസിൽദാർ (ഭൂരേഖ) ജില്ലാ കളക്ടർക്ക് ശുപാർശ നൽകിയിട്ടുണ്ട്. |
| (സി) ഡേറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശത്ത് നിക്ഷേപിച്ചിട്ടുള്ള കര മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ? | (സി) ഡേറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള നിലത്തിൽ നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടർ ത്വരിതഗതിയിൽ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**